28-2-1986 വരെ പേര് രജിസ്റ്റർ ചെയ്ത് 5 വർഷം കഴിഞ്ഞിട്ടും ജോലി ലഭിക്കാത്തവർ എത്ര ;

(ബി) സംസ്ഥാനത്തു തൊഴിലില്ലായ്മവേതനം ലഭിക്കുന്നവർ എത്ര ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 1,96,592.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം

235. [406] ശ്രീ. കൊരമ്പയിൽ അഹമ്മദുഹാജി :
,, പി. എം. അബൂബക്കർ :
,, പി. സീതിഹാജി :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) 1985 ഡിസംബർ വരെ സംസ്ഥാനത്തു വിവിധ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ മൊത്തം എണ്ണം എത്ര ?

(ബി) പുരുഷൻമാർ എത്ര ; സ്ത്രീകൾ എത്ര ;

(സി) അണ്ടർ ഗ്രാഡ്വേറ്റ് എത്ര; ഗ്രാഡ്വേറ്റ് എത്ര ; പോസ്റ്റ് ഗ്രാഡ്വേറ്റ് എത്ര ;

(ഡി) 1983-84, 1984-85 വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിരുന്ന എത്രപേർക്ക് തൊഴിൽ നൽകി ?

ഉത്തരം

(എ) 25,74,074 പേർ.

(ബി) പുരുഷൻമാർ : 14,05,041
സ്ത്രീകൾ : 11,69,033

(സി) അണ്ടർ ഗ്രാഡ്വേറ്റ് : 12,64,959 പേർ
ഗ്രാഡ്വേറ്റ് : 90,329 പേർ
പോസ്റ്റ് ഗ്രാഡ്വേറ്റ് : 10,062 പേർ

(ഡി) 1983-84-ൽ 13,256 പേർക്കും 1984-85-ൽ 12,045 പേർക്കും തൊഴിൽ നൽകി.

എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

236. [407] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പുരുഷൻമാർ എത്ര ;
സ്ത്രീകൾ എത്ര ;

(സി) ഇതിൽ ബിരുദധാരികൾ എത്ര ;
എസ്. എസ്. എൽ. സി. പാസ്സായവർ എത്ര ;

(ഡി) മെഡിക്കൽ ബിരുദധാരികൾ എത്ര ;

(ഇ) എഞ്ചിനീയറിംഗ് ബിരുദധാരികൾ എത്ര ;

(എഫ്) അഗ്രികൾച്ചർ ബിരുദധാരികളെത്ര ;

(ജി) എഞ്ചിനീയറിംഗ് ഡിപ്ലോമാ നേടിയവർ എത്ര ;

(എച്ച്) ആയുർവേദ ബിരുദധാരികൾ എത്ര ;

(ഐ) വെറ്റിനറി ബിരുദധാരികൾ എത്ര ;

(ജെ) ഹോമിയോ ബിരുദധാരികളെത്ര ?

ഉത്തരം

(എ) 31-12-1985 വരെ 25,740,74 പേർ.

(ബി) പുരുഷൻമാർ : 14,05,041 പേർ.
സ്ത്രീകൾ : 11,69,033 പേർ.

(സി) ബിരുദധാരികൾ : 1,00,391 പേർ.
എസ്. എസ്. എൽ. സി.
പാസ്സായവർ : 11,16,495.

(ഡി) 1,143 പേർ.

(ഇ) 2,917 പേർ.

(എഫ്) 149 പേർ.

(ജി) 11,257- പേർ.

(എച്ച്) 329 പേർ.

(ഐ) 25 പേർ.

(ജെ) 25 പേർ.

സംസ്ഥാനത്തെ തൊഴിൽരഹിതർ

237. [408] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1986 മാർച്ച് ഒന്നു വരെ സംസ്ഥാനത്തെ തൊഴിൽരഹിതർ എത്ര ;

(സി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിലെ കണക്കുപ്രകാരം പോസ്റ്റ്-ഗ്രാഡ്വേറ്റുകളെത്ര ; ഗ്രാഡ്വേറ്റുകൾ എത്ര ; അണ്ടർ ഗ്രാഡ്വേറ്റുകൾ എത്ര ;

(ഡി) അവയിൽ ഓരോ വിഭാഗത്തിലും സ്ത്രീകൾ എത്ര ; പുരുഷൻമാർ എത്ര ?

LIBRARY ARCHIVES Kerala Legislative Assembly